(ഡി) കേന്ദ്ര സർക്കാരിന്റെ പുതിയ വൈദ്യുതി നയം ഏതെല്ലാം വിധത്തിൽ സംസ്ഥാനം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഇതു സംബന്ധിച്ച് കേന്ദ്ര നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

(ബി) പ്രസക്തമല്ല.

(സി) 2003-ലെ ഇലക്ട്രിസിറ്റി ആക്ട് പ്രകാരമുള്ള പുതിയ നടപടികളൊന്നും കെ. എസ്. ഇ. ബി. ആരംഭിച്ചിട്ടില്ല.

(ഡി) കേന്ദ്ര സർക്കാരിന്റെ പുതിയ വൈദ്യുതി നയം സംബന്ധിച്ച വിവരങ്ങൾ ലഭിച്ചിട്ടില്ല.

ശമ്പള പരിഷ്കരണം

*8 [8] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
,, സ്റ്റീഫൻ ജോർജ്:
,, ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) ശമ്പള പരിഷ്ക്കരണത്തിനായി കമ്മീഷനെ എന്നത്തേയ്ക്കു നിയമിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നറിയിക്കാമോ;

(ഡി) ശമ്പള പരിഷ്ക്കരണം എത്ര നാളിനകം പ്രാവർത്തികമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് പറയാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ)—(ഡി) ശമ്പള പരിഷ്ക്കരണത്തിനുള്ള നയപരമായ തീരുമാനമൊന്നും ഇതേവരെ കൈക്കൊണ്ടിട്ടില്ല.

ഹർത്താൽ നിരോധിച്ചുകൊണ്ടുള്ള വിധി

*9 [9] ശ്രീ. എ. കെ. ബാലൻ:
,, കെ. കെ. ജയചന്ദ്രൻ:
,, എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹർത്താൽ നിരോധിച്ചുകൊണ്ടുള്ള ബഹു. കേരള ഹൈക്കോടതി വിധിയിൽ പറഞ്ഞിട്ടുള്ള പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly